**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4901** **20-07-2022 - ൽ മറുപടിയ്ക്ക്**

**പൊതുവിദ്യാഭ്യാസ രംഗത്ത് ഗുണപരമായ മാറ്റങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ജെ. മാക്സി** | | **ശ്രീ വി ശിവൻകുട്ടി**<br>**(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ രംഗത്ത് ഗുണപരമായ എന്തൊക്കെ മാറ്റങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിനായി ചുവടെ പറയുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നു.<br><br>1. ക്വാളിറ്റി - എൽ.ഇ.പി (പഠനപോഷണ പരിപാടികൾ)<br><br>മലയാളത്തിളക്കം, ഹലോഇംഗ്ലീഷ്, ഹലോവേൾഡ്, സുരിലീ ഹിന്ദി, സംസ്കൃതമാധുര അഹ്ലൻ അറബിക്, പ്യാരി ഉറുദു, ഗണിതവിജയ വായനാക്കാർഡുകൾ, ഭൂമിശാസ്ത്രലാബുകൾ, സ്കൂൾ വെതർസ്റ്റേഷൻ, ശലഭപാർക്ക്, ശാസ്ത്രപാർക്ക്, ഗണിതോത്സവം, ശാസ്ത്രകൗതുക<br><br>2.ക്വാളിറ്റി- രാഷ്ട്രീയ ആവിഷ്ക്കാർ അഭിയാൻ<br><br>ശാസ്ത്രപഥം, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി മെന്ററിംഗ്, ഗണിതകിറ്റ്, ശാസ്ത്രകിറ്റ്, ക്വിസ് പ്രോഗ്രാമുകൾ, ശാസ്ത്രപ്രോഗ്രാമുകൾ, ടിങ്കറിംഗ് ലാബ്, ശാസ്ത്ര-ഗണിതക്ലബ് പ്രവർത്തനങ്ങൾ, ഗണിതപാർക്ക്<br><br>3.ക്വാളിറ്റി - ഇന്നവേഷൻ<br><br>വർക്ക് എജ്യൂക്കേഷൻ, ഇന്നൊവേറ്റീവ് പ്രോഗ്രാംസ് ഫോർ കൊമേഴ്സ്, ജില്ലാ സ്പെസിഫിക് പ്രോഗ്രാമുകൾ, അക്കാദമിക്സ് ഫോക്കസ്ഡ് ഇന്നൊവേറ്റീവ് പ്രോഗ്രാമുകൾ, പ്രാദേശിക പ്രതിഭാകേന്ദ്രങ്ങൾ, ഊരുവിദ്യാകേന്ദ്രങ്ങൾ, ടാലന്റ് ലാബ് പ്രവർത്തനങ്ങൾ<br><br>4.ഫൗണ്ടേഷൻ ലിറ്ററസി & ന്യൂമറസി |

| | | | |
|---|---|---|---|
| | | | വായനാച്ചങ്ങാത്തം, ഉല്ലാസഗണിതം, ഗണിതവിജയം, കുഞ്ഞുവായന<br><br>5.സ്കൂൾ ലൈബ്രറി/ക്ലാസ് ലൈബ്രറി ശാക്തീകരണം<br><br>6. പ്രീ സ്കൂൾ പ്രവർത്തനങ്ങൾ<br><br>7.മെച്ചപ്പെട്ട രീതിയിലുള്ള അധ്യാപക പരിശീലനം, രക്ഷാകർതൃപരിശീലനം<br><br>8.വൊക്കേഷണലൈസേഷൻ ഓഫ് എഡ്യൂക്കേഷൻ<br><br>9.ഇൻക്ലൂസീവ് എജ്യൂക്കേഷൻ<br><br>10. അക്കാദമിക ഇടപെടലുകൾ<br><br>ഓരോ സ്കൂളിനും അക്കാദമിക് മാസ്റ്റർ പ്ലാൻ, സ്കൂൾ തല-ക്ലാസ് തല ആസൂത്രണം, സ്കൂൾ റിസോഴ്സ് ഗ്രൂപ്പ്, സ്കൂൾ സപ്പോർട്ട് ഗ്രൂപ്പ്, ദിനാചരണങ്ങൾ, ശിശുകേന്ദ്രീകൃതവും പ്രവർത്തനാധിഷ്ഠിതവും പ്രക്രിയ ബന്ധിതവുമായ പാഠ്യപദ്ധതി, വിവിധ പഠന പോഷണ പരിപാടികൾ, വിവരണാത്മകമായ വിലയിരുത്തലുകൾ ഫലപ്രദമായ അധ്യാപക ശാക്തീകരണം. |
| (ബി) | പൊതുവിദ്യാലയങ്ങളിലെ അദ്ധ്യാപകർക്ക് മികച്ച പരിശീലനവും വിദ്യാർത്ഥികൾക്ക് സാമൂഹിക അവബോധ ക്യാമ്പുകളും നിരന്തരമായി നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദീകരിക്കുമോ; | (ബി) | പൊതുവിദ്യാലയങ്ങളിലെ അദ്ധ്യാപകർക്ക് മികച്ച രീതിയിലുള്ള പരിശീല പരിപാടികൾ ഇതിനകം ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി അദ്ധ്യാപകർക്കുള്ള റസിഡൻഷ്യൽ പരിശീലനം പൈലറ്റ് എന്ന നിലയിൽ ഈ വർഷം പ്രൈമറി വിഭാഗത്തിൽ നടപ്പിലാക്കി.<br><br>എല്ലാ വിഭാഗത്തിലും ഉൾപ്പെട്ട അദ്ധ്യാപകർക്ക് പത്ത് ദിവസത്തെ പരിശീലന പരിപാടി ഈ വർഷം ആസൂത്രണം ചെയ്തിട്ടുണ്ട്.<br><br>പുതിയതായി സർവ്വീസിൽ പ്രവേശിച്ച അദ്ധ്യാപകർക്ക് വിപുലമായ പരിശീലന പരിപാടി എസ്.സി.ഇ.ആർ.റ്റി ആസൂത്രണം ചെയ്തിട്ടുണ്ട്.<br><br>പൊതുവിദ്യാലയങ്ങളിലെ ക്ലബ്ബുകൾ, എൻ.സി.സി., എസ്.പി.സി., എൻ.എസ്.എസ്. തുടങ്ങിയവ വഴി വിദ്യാർത്ഥികൾക്ക് നിലവിൽ സാമൂഹ്യാവബോധപരിപാടികൾ നടപ്പിലാക്കുന്നുണ്ട്. |
| (സി) | സമൂഹത്തോട് ഉത്തരവാദിത്തമുള്ള യുവതലമുറയെ വാർത്തെടുക്കുന്നതിന് ആവശ്യമായ സാമൂഹ്യ | (സി) | വിദ്യാർത്ഥികൾക്ക് പഠനത്തിന്റെ ഭാഗമായും അല്ലാതെയും സാമൂഹ്യ ഇടപെടലുകൾക്ക് അവസരം |

| | | | |
|---|---|---|---|
| | സേവന പരിപാടികൾ സ്കൂളുകളിൽ നടപ്പാക്കുമോ; എങ്കിൽ വിശദീകരിക്കുമോ? | | ഒരുക്കി സാമൂഹ്യ അവബോധം വർദ്ധിപ്പിക്കുന്നതിനുള്ള ക്യാമ്പുകളും പരിപാടികളും സംഘടിപ്പിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി നവകേരളം കർമ്മ പദ്ധതിയിലും 'വിദ്യാകിരണം' പൊതുവിദ്യാലയങ്ങളിൽ വ്യത്യസ്ത വിദ്യാഭ്യാസ ഏജൻസികൾ പ്രവർത്തനങ്ങൾ ഏറ്റെടുക്കുവാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്ന പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ